**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസവകുപ്പ് - എയ്ഡഡ് സ്കൂൾ അധ്യാപകരുടെ ഹെഡ് മാസ്റ്റർ പ്രൊമോഷൻ - 28 എ ഓപ്ഷൻ നൽകുന്നതിനുള്ള സമയപരിധി സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

**സ.ഉ (പി) നം. 01/2016/പൊ.വി.വ തീയതി, തിരുവനന്തപുരം, 01.01.2016**

പരാമർശം:
1. 28.07.2012 ലെ സ.ഉ. (പി) നം. 246/12/പൊവിവ
2. കേരള സ്കൂൾ ടീച്ചേഴ്സ് ഫ്രണ്ട് വൈസ് പ്രസിഡന്റ് 24.11.2012 ൽ സമർപ്പിച്ച നിവേദനം.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 23.10.2013, 06.03.2014 എന്നീ തീയതികളിലെ ആർ (2)/4289/13/പൊവിഡ നമ്പർ കത്ത്.

**ഉത്തരവ്**

എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് ഹെഡ് മാസ്റ്ററായി പ്രൊമോഷൻ ലഭിക്കുമ്പോൾ വിദ്യാഭ്യാസ ഓഫീസറുടെ നിയമനാംഗീകാരം ലഭിച്ച തീയതി മുതൽ ഒരു മാസത്തിനകം കെ.എസ്.ആർ.ചട്ടം 28 എ പ്രകാരമുള്ള ഓപ്ഷൻ സമർപ്പിക്കുന്നതിന് അനുമതി നൽകി പരാമർശം ഒന്ന് പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

എന്നാൽ എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് ഹെഡ് മാസ്റ്റർ സ്കെയിൽ ലഭിക്കുന്നതിന് 15 വർഷം തുടർച്ചയായ സർവ്വീസ് വേണമെന്ന് കെ.ഇ.ആർ അദ്ധ്യായം XXVI ചട്ടം 1 വ്യവസ്ഥ ചെയ്യുന്നതിനാൽ ഹെഡ് മാസ്റ്റർ പ്രൊമോഷൻ ലഭിച്ചുകഴിഞ്ഞാലും സ്കെയിൽ ലഭിക്കാതെ നിൽക്കുന്ന പ്രഥമാദ്ധ്യാപകർ ധാരാളമുണ്ടെന്നും ഇവരുടെ കാര്യത്തിൽ 15 വർഷം തികയുന്ന മുറയ്ക്ക് വീണ്ടും പ്രൊമോഷൻ അംഗീകരിക്കുന്ന സാഹചര്യം ഉദിക്കുന്നില്ല എന്നതിനാൽ അത്തരം അധ്യാപകരുടെ 15 വർഷ സർവ്വീസ് പൂർത്തിയാകുന്നമുറയ്ക്ക് ഓപ്ഷൻ നൽകുന്നതിന് കഴിയുംവിധം മേൽ ഉത്തരവിൽ ഭേദഗതി കൊണ്ടുവരണമെന്ന് പരാമർശം രണ്ട് പ്രകാരം ആവശ്യമുയർന്നിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പതിനഞ്ച് വർഷകാലയളവ് പൂർത്തിയാക്കുന്നതിന് മുൻപ് ഹെഡ് മാസ്റ്റർ പ്രൊമോഷൻ ലഭിച്ച എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് പതിനഞ്ച് വർഷം പൂർത്തിയാകുന്ന മുറയ്ക്ക് ഹെഡ് മാസ്റ്റർ തസ്തികയുടെ സ്കെയിൽ അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് തീയതി മുതൽ ഒരു മാസത്തിനകം കെ.എസ്.ആർ.ഭാഗം ഒന്ന് ചട്ടം 28 എ പ്രകാരമുള്ള ഓപ്ഷൻ സമർപ്പി ക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ആർ. ആനന്ദവല്ലി**
***ഡെപ്യൂട്ടി സെക്രട്ടറി***

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും/ജില്ലാ/ഉപജില്ലാവിദ്യാഭ്യാസഓഫീസർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ &ഇ) തിരുവനന്തപുരം
ധനകാര്യവകുപ്പ് (അനൗ. കുറിപ്പ് നം..73834/എഡ്യൂഎ 1/15/ധന തീയതി 30.11.2015 പ്രകാരം)
പൊതു വിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും
ഡയറക്ടർ, ഐടി @ സ്കൂൾ, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻപ്രകാരം

സെക്ഷൻഓഫീസർ

പകർപ്പ്:- ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പൊതുവിദ്യാഭ്യാസ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്